കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

2014 ഡിസംബർ 15, തിങ്കൾ

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2014 ഡിസംബർ മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : .....ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ.*301

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്.....ചോദ്യോത്തരവേളയിൽ ബഹളമുണ്ടാക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സഹകരിക്കണം.

വനശ്രീ യൂണിറ്റുകൾ

1 (*301) ശ്രീ. പാലോട് രവി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത യൂണിറ്റുകൾവഴി വിൽക്കപ്പെടുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) വനങ്ങളിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ വിൽപ്പനശാലകൾവഴി വിൽപ്പന നടത്തി ലഭിക്കുന്ന അധിക വരുമാനത്തിലൂടെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുകയാണ് വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യം. തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ നിർവ്വഹിക്കുന്നതിന് പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വനപ്രദേശത്തെ തടിയേതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിപണന സൗകര്യങ്ങൾ ഒരുക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ മേൽ ലക്ഷ്യം നിറവേറ്റുന്നു.

(ബി) വനത്തിൽനിന്ന് ശേഖരിച്ച് ശുദ്ധിചെയ്ത് മൂല്യവർദ്ധനവ് വരുത്തിയ തേൻ, കസ്തൂരിമഞ്ഞൾ, കുന്തിരിക്കം, ഈഞ്ച, കുരുമുളക്, ഏലം, കടംപുളി, രാമച്ചം, മുളയരി, കല്ലുർവഞ്ചി, കരിങ്ങാലി എന്നീ വിഭവങ്ങളും വനാശ്രിതസമൂഹം തയ്യാറാക്കുന്ന പുൽതൈലം, യൂക്കാലിതൈലം, പെയിൻബാം, ദന്തപ്പാല എണ്ണ, തേൻ നെല്ലിക്ക തുടങ്ങിയവയും മറയൂർ ശർക്കര, ശബരീജലം, കേരള വനവികസന കോർപ്പറേഷൻ തയ്യാറാക്കുന്ന ചന്ദനതൈലം, ചന്ദനത്തടിക്ഷണം എന്നിവയുമാണ് വനശ്രീ യൂണിറ്റുകൾവഴി വിപണനം നടത്തുന്ന പ്രധാന ഇനങ്ങൾ. കൂടാതെ ഔഷധിയുമായി ചേർന്ന് ആയുർവ്വേദ ഉൽപ്പന്നങ്ങളും വനശ്രീ യൂണിറ്റുകൾ വഴി വിപണനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വനവിഭവ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനഃസംഘടിപ്പിച്ചുവരുന്നു.

(ഡി) 1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വനവികാസ ഏജൻസി കളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.

2. സംസ്ഥാന വനവികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെല്ലിന്റെ" പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.

3. പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.

4. ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ 114.029 ലക്ഷം രൂപയുടെ പദ്ധതി 2008-09 മുതൽ നടപ്പാക്കി. 214 ലക്ഷം രൂപയുടെ ഒരു പദ്ധതി 2014-15-ൽ നടപ്പാക്കിവരുന്നു.

5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പാക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റു വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും തീരുമാനിച്ചു. വനവിഭവ ശേഖരണ ത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

6. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിത മായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

7. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടിയാരംഭിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്.....ചോദ്യോത്തരവേളയിൽ ബഹളമുണ്ടാക്കുന്നത് ശരിയല്ല. ചോദ്യോത്തര സമയംകഴിയട്ടെ. നമ്മുടെ നിയമസഭക്ക് ചില കീഴ്വഴക്കങ്ങളുണ്ട്. ചോദ്യോത്തരവേളയിൽ പ്രതിപക്ഷം സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : സഭയിലെ അംഗങ്ങളുടെ അവകാശം സംരക്ഷിക്കുന്നതോടൊപ്പം ഗവൺമെന്റ് ബിസിനസ്സ് നടത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്തവും ചെയറിനുണ്ട്. ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ അംഗങ്ങൾ സഹകരിക്കണം. ചോദ്യോത്തരവേളയുടെ തുടർനടപടികളും ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ളഭാഗങ്ങളും ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തു.

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വിഭജനം

2 (*302) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിഭജിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ജനറം സർവ്വീസുകൾക്കായി പ്രത്യേക സബ്സിഡിയറി കോർപ്പറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ജനറം കോർപ്പറേഷന് കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വസ്തുവകകൾ വിട്ടുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ജനറം കോർപ്പറേഷന്റെ പ്രവർത്തനത്തിലേക്കായി കെ.എസ്.ആർ.ടി. സി.-യുടെ ഫണ്ടിൽനിന്നും നിലവിൽ എന്ത് തുക ചെലവാക്കിയിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിഭജിക്കാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly